REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-07-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാജ്യത്ത് ഏഴ് ESI ആരോഗ്യപരിപാലന പദ്ധതികൾക്ക് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ന് തുടക്കം കുറിക്കും.**
- **ഇന്ത്യയിലെ ഏറ്റവും വലിയ ആഗോള ടെക്സ്റ്റൈൽ മേളയായ 'ഭാരത് ടെക്സ് 2026' ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും.**
- **സംസ്ഥാന ഗവൺമെന്റിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ സ്പെഷ്യൽ ഡ്രൈവ് നടത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ മന്ത്രി A.P.അനിൽ കുമാർ നിർദേശിച്ചു.**
- **പശ്ചിമബംഗാളിൽ ബോട്ട് മുങ്ങി ഒമ്പത് മത്സ്യത്തൊഴിലാളികൾ മരിച്ചതായി സ്ഥിരീകരണം.**
- **ഇന്ത്യ - ഇംഗ്ലണ്ട് പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന്.**

## വാർത്തകൾ വിശദമായി

രാജ്യത്ത് ഏഴ് ESI ആരോഗ്യപരിപാലന പദ്ധതികൾക്ക് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ന് തുടക്കം കുറിക്കും. 668 കോടി രൂപയുടെ പദ്ധതികൾ 53 ലക്ഷം ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടും. തെലങ്കാനയിലെ ESI ആശുപത്രിയിലാണ് ഉദ്ഘാടന ചടങ്ങ്. തെലങ്കാനയ്ക്കു പുറമെ അസം, തമിഴ്നാട്, ആന്ധ്രപ്രദേശ്, ഗുജറാത്ത്, കോട്ട, രാജസ്ഥാൻ എന്നിവിടങ്ങളിലെ ESI ആശുപത്രികളിലാണ് പദ്ധതി ആരംഭിക്കുന്നത്.

✪✪✪

2027-ലെ വേവ്സ് ഉച്ചകോടിക്ക് മുന്നോടിയായി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം ക്രിയേറ്റ് ഇൻ ഇന്ത്യ ചാലഞ്ച് സീസൺ 2 സംഘടിപ്പിക്കുന്നു. മാധ്യമ, വിനോദ മേഖലയിൽ പ്രതിഭങ്ങളെ തിരിച്ചറിയുക, പരിപോഷിപ്പിക്കുക, നൈപുണ്യം വർധിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടാണ് ചാലഞ്ച് സംഘടിപ്പിക്കുന്നത്.

മികച്ച പ്രൊപ്പസലുകൾക്ക് ഒരു കോടി രൂപ വരെ ഒറ്റതവണ ഗ്രാന്റായി ലഭിക്കും. നിർമിത ബുദ്ധി, ആനിമേഷൻ, VFX , ഓൺലൈൻ ഗെയിമിങ്, ഇ-സ്പോർട്സ്, ഡിജിറ്റൽ ആന്റ് സോഷ്യൽമീഡിയ തുടങ്ങി 50-ലധികം ചാലഞ്ചുകളാണ് ഈ സീസണിലുള്ളത്. Waves bazaar.com എന്ന ഓൺലൈൻ പോർട്ടൽ വഴി ഈ മാസം 31-നകം അപേക്ഷകൾ സമർപ്പിക്കണം.

✪✪✪

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തുന്ന ആദ്യ മലയാളിയാകാൻ യു.എസ് സ്പേസ് ഫോഴ്സ് കേണൽ ഡോ.അനിൽ മേനോൻ ഇന്ന് യാത്ര തിരിക്കും. ഇന്ത്യൻ സമയം 8.17ന് കസാഖ്സ്ഥാനിലെ ബൈക്കനൂർ കോസ്മോഡ്രോമിൽ നിന്ന് റഷ്യൻ ബഹിരാകാശ ഏജൻസിയായ റോസ് കോസ്മോസിന്റെ സോയുസ് എം.എസ്-29 ദൗത്യത്തിന്റെ ഭാഗമായാണ് യാത്ര. സോയൂസ് 2.1 എ  റോക്കറ്റിലാണ് പേടകം വിക്ഷേപിക്കുന്നത്.

✪✪✪

രാജ്യത്തെ ഏറ്റവും വലിയ ആഗോള ടെക്സ്റ്റൈൽ മേളയായ 'ഭാരത് ടെക്സ് 2026'ന് ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമാകും. മേളയുടെ മൂന്നാം പതിപ്പാണിത്.

വസ്ത്രധാരണം, സുസ്ഥിരത, സാങ്കേതികവിദ്യ, നവീകരണം, നിക്ഷേപം, അന്താരാഷ്ട്ര വ്യാപാരം എന്നിവയിൽ ആഗോളതലത്തിൽ രാജ്യം കൈവരിക്കുന്ന നേട്ടങ്ങൾ വിളിച്ചോതുന്നതാണ് ഭാരത് ടെക്സ് രാജ്യാന്തരമേള. നാല് ദിവസത്തെ മേളയിൽ ഇരുപതിനായിരത്തിലധികം വസ്ത്ര-ടെക്സ്റ്റൈൽ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കും.

14 രാജ്യങ്ങളിൽ നിന്ന് അന്താരാഷ്ട്ര പ്രദർശകർ പങ്കെടുക്കുമെന്ന് ഭാരത് ടെക്സ് ട്രേഡ് ഫെഡറേഷൻ ചെയർമാൻ നരേൻ ഗോയങ്ക പറഞ്ഞു. നിർമ്മാതാക്കൾ, കയറ്റുമതിക്കാർ, നിക്ഷേപകർ, അന്താരാഷ്ട്ര പ്രതിനിധി സംഘങ്ങൾ, കരകൗശല വിദഗ്ധർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവയും മേളയുടെ ഭാഗമാകും. പതിനൊന്ന് സംസ്ഥാനങ്ങളുടെ പങ്കാളിത്തവും ഇത്തവണയുണ്ട്.

✪✪✪

അഫ്ഗാനിസ്ഥാനിലേക്ക് മടങ്ങിയെത്തുന്നവരുടെ പാർപ്പിട, പുനരധിവാസ ആവശ്യങ്ങൾക്കായി കൂടാരങ്ങൾ ഇന്ത്യ അഫ്ഗാൻ അഭയാർത്ഥി-പുനരധിവാസ മന്ത്രാലയത്തിന് കൈമാറി. അഫ്ഗാൻ ജനതയ്ക്ക് ഇന്ത്യ നൽകിവരുന്ന മാനുഷിക സഹായത്തിന്റെ ഭാഗമായാണ് നടപടിയെന്ന് വിദേശകാര്യ മന്ത്രാലയം സാമൂഹ്യ മാധ്യമത്തിലൂടെ അറിയിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സ്പെഷ്യൽ ഡ്രൈവ് നടത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ മന്ത്രി A.P.അനിൽ കുമാർ നിർദേശിച്ചു. റവന്യൂ വകുപ്പിന്റെ ആദ്യ ജില്ലാ തല അവലോകന യോഗത്തിൽ കാസർക്കോട്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാസർകോട്ട് നിന്ന് പി.ജഗന്നിവാസൻ...

...........വോയ്സ്..........

✪✪✪

കാസർകോട് ജില്ലയിലെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെന്നും എന്നാൽ സെൻസസ് നടക്കുന്ന സാഹചര്യത്തിൽ വില്ലേജുകളുടെ വിഭജനം പ്രായോഗികമല്ലെന്നും മന്ത്രി AP അനിൽ കുമാർ പറഞ്ഞു. ചെങ്കള സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

വിദ്യാഭ്യാസ മേഖലയിൽ സമഗ്ര പരിഷ്കാരങ്ങൾക്ക് ഗവണ്മെന്റ് നേതൃത്വം നൽകുമെന്ന് മന്ത്രി N ഷംസുദ്ദീൻ പറഞ്ഞു. ഹയർ സെക്കണ്ടറിയിൽ നോൺ ടീച്ചിങ്ങ് സ്റ്റാഫിനെ നിയമിക്കുന്നത് ഗൗരവമായ പരിഗണനയിലാണെന്നും സംസ്ഥാനം മുൻകാലങ്ങളിൽ ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ ബലികഴിക്കുന്ന തരത്തിൽ ഒരു നിലപാടും വിദ്യാഭ്യാസ രംഗത്ത് സ്വീകരിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

കേരള ഹയർ സെക്കണ്ടറി ടീച്ചേർസ് യൂണിയൻ സംസ്ഥാന അക്കാദമിക സമ്മേളനം കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

പ്രമുഖ ബാങ്കിന്റെ വ്യാജ മാരത്തോൺ പരസ്യങ്ങൾ വിവിധ വെബ്സൈറ്റുകൾ, ഇൻസ്റ്റാഗ്രാം എന്നിവ വഴി പ്രചരിപ്പിച്ച് പൊതുജനങ്ങളിൽ നിന്നും രജിസ്ട്രേഷന്റെ പേരിൽ സാമ്പത്തിക തട്ടിപ്പ് നടക്കുന്നുണ്ടെന്നും ഇതിനെതിരെ ജാഗ്രത പാലിക്കണമെന്നും കേരള പോലീസ് മുന്നറിയിപ്പ് നൽകി.

'മറൈൻ ഡ്രൈവ് മാരത്തോൺ കൊച്ചി 2026' എന്ന പേരിൽ പ്രചരിക്കുന്ന പരസ്യങ്ങളിലൂടെ വലിയ സമ്മാനത്തുക വാഗ്ദാനം ചെയ്ത് ആളുകളെ ആകർഷിക്കുന്നതാണ് തട്ടിപ്പിന്റെ തുടക്കം.

രജിസ്ട്രേഷൻ ഫീസ് ലഭിച്ചാൽ 'കാലാവസ്ഥാ സാഹചര്യം തുടങ്ങിയ ഒഴിവുകൾ പറഞ്ഞ് മാരത്തോൺ മാറ്റിവെച്ചതായി സന്ദേശം അയയ്ക്കുകയും പുതിയ തീയതി പിന്നീട് അറിയിക്കാമെന്ന് കാണിച്ച് ആളുകളെ കബളിപ്പിക്കുകയും ചെയ്യുന്നതാണ് തട്ടിപ്പ് രീതി.

✪✪✪

പശ്ചിമബംഗാളിൽ ബോട്ട് മുങ്ങി ഒമ്പത് മത്സ്യത്തൊഴിലാളികൾ മരിച്ചതായി സ്ഥിരീകരിച്ചു. ആറു പേരെ ഇനിയും കണ്ടെത്താനായില്ല. പശ്ചിമബംഗാൾ തീരത്ത് നിന്ന് ഈ മാസം ആദ്യം കാണാതായ മത്സ്യബന്ധന ബോട്ട് ബംഗാൾ ഉൾക്കടലിൽ മറിഞ്ഞ നിലയിൽ ഞായറാഴ്ച കണ്ടെത്തിയിരുന്നു. തീരരക്ഷാ സേനയും, ഇന്ത്യൻ നാവികസേനയും, സംസ്ഥാന ഏജൻസികളും ചേർന്ന് നടത്തിയ തിരച്ചിലിൽ ബോട്ടിന്റെ ക്യാബിനിൽ നിന്ന് ഒമ്പത് മൃതദേഹങ്ങൾ അഴുകിയ നിലയിൽ കണ്ടെത്തുകയായിരുന്നു.

ഡെസ്ക് റിപ്പോർട്ട് .....

(വോയ്സ്...)

ഈ മാസം രണ്ടിനാണ് ശങ്കർപൂർ തുറമുഖത്ത് നിന്ന് 15 മത്സ്യത്തൊഴിലാളികളുമായി ബോട്ട് യാത്ര തിരിച്ചത്. മൂന്ന് ദിവസങ്ങൾക്ക് ശേഷം ബോട്ടുമായി ആശയവിനിമയം നഷ്ടപ്പെട്ടതോടെ തെരച്ചിൽ തുടങ്ങുകയായിരുന്നു. കാണാതായി പത്തുദിവസങ്ങൾക്ക് ശേഷം ബംഗാൾ ഉൾക്കടലിൽ മറിഞ്ഞ നിലയിൽ ബോട്ട് കണ്ടെത്തുകയായിരുന്നു. ബോട്ടിൽ കണ്ടെത്തിയ മൃതദേഹങ്ങൾ തിരിച്ചറിയലിനായി സൗത്ത് 24 പർഗാനാസ് ജില്ലയിലെ സീതാറാംപൂരിലെ ആശുപത്രി മോർച്ചറിയിൽ എത്തിച്ചു. DNA പരിശോധനക്ക് കുടുംബാംഗങ്ങളിൽ നിന്ന് രക്തസാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്.

സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവർ ദുഃഖം അറിയിച്ചു. ദുരന്തത്തിൽപ്പെട്ടവരുടെ കുടുംബങ്ങൾക്കൊപ്പമാണ് തന്റെ ചിന്തകളും പ്രാർത്ഥനകളുമെന്ന് രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

മരിച്ചവരുടെ കുടുംബാംഗങ്ങളെ അനുശോചനം അറിയിച്ച ഉപരാഷ്ട്രപതി, പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്ന് പറഞ്ഞു. മരിച്ചവരുടെ കുടുംബാംഗങ്ങൾക്കൊപ്പമാണ് തന്റെ ചിന്തകളെന്നും പരിക്കേറ്റവർ അതിവേഗം സുഖം പ്രാപിക്കട്ടെയെന്നും പ്രധാനമന്ത്രി സാമൂഹികമാധ്യമത്തിൽ കുറിച്ചു.

മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ചു.

✪✪✪

വിയറ്റ്നാമിൽ ബോട്ട് അപകടത്തിൽ മരിച്ച കൊട്ടാരക്കര സ്വദേശികളായ എ.സി തോമസിന്റെയും, ഭാര്യ ലോവേനി തോമസിന്റെയും മൃതദേഹങ്ങൾ തിരുവനന്തപുരത്ത് എത്തിക്കും. മുംബൈ വിമാനത്താവളത്തിൽ നിന്നും എയർ ഇന്ത്യ വിമാനത്തിൽ രാവിലെ 8.50-ഓടെ മൃതദേഹങ്ങൾ വിമാനത്താവളത്തിൽ എത്തിക്കുമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

✪✪✪

ഇന്ത്യ - ഇംഗ്ലണ്ട് പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. ഇന്ത്യൻ സമയം വൈകീട്ട് 3.30-ന് ബിർമിംഗ്ഹാമിലാണ് മത്സരം. മൂന്ന് മത്സരങ്ങളടങ്ങിയതാണ് പരമ്പര.

✪✪✪

ലോകകപ്പ് ഫുട്ബോൾ സെമി ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം. ആദ്യ സെമിയിൽ ഫ്രാൻസ് - സ്പെയിനിനെ നേരിടും.

വിവരങ്ങളുമായി സുരേഷ് എടപ്പാൾ...

........വോയ്സ്.........

✪✪✪

തിരുവനന്തപുരം നഗരസഭ കൗൺസിലർ R.സുഗതൻ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ഹൈക്കോടതി ഉത്തരവ് പ്രകാരം തൃശ്ശൂർ വിയ്യൂർ ജയിലിൽ രാവിലെ 11-നാണ് സത്യപ്രതിജ്ഞ.

✪✪✪

ആകാശവാണി മുൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ NS ഐസക് അന്തരിച്ചു. ഇന്നലെ വൈകിട്ട് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു 79-കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

തിരുവനന്തപുരം, കൊച്ചി, കണ്ണൂർ, പോണ്ടിച്ചേരി ആകാശവാണി നിലയങ്ങളിൽ ഡയറക്ടർ ആയിരുന്നു.

ആകാശവാണിയിൽ ട്രാൻസ്മിഷൻ എക്സിക്യൂട്ടീവ് ആയി പ്രവേശിച്ച അദ്ദേഹം ഡെപ്യൂട്ടി ഡയറക്ടർ ജനറലായാണ് വിരമിച്ചത്.

✪✪✪

കോഴിക്കോട് ആകാശവാണിയിൽ ദീർഘകാലം എഞ്ചിനിയറിങ്ങ് അസിസ്റ്റന്റായി ജോലി ചെയ്ത വടകര ഇരിങ്ങൽ, പറമ്പത്ത് മുകുന്ദൻ അന്തരിച്ചു. 85 വയസ്സായിരുന്നു. സംസ്ക്കാരം രാവിലെ 9-ന് ഇരിങ്ങലിലെ വീട്ടുവളപ്പിൽ നടത്തും.

✪✪✪

*News Editor പി ചന്ദ്രബാബു*
*News Reader: ശരണ്യ രാജൻ*
*News Team: ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*